ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.11.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) **രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ മൂന്ന് ദിവസത്തെ ദാദ്ര ആൻഡ് നഗർ ഹവേലി, ദാമൻ ദിയു സന്ദർശനത്തിന് ഇന്ന് തുടക്കം.**

**President Droupadi Murmu's three-day visit to Dadra and Nagar Haveli and Daman Diu begins today.p**

2) **പ്രകൃതി വിഭവങ്ങളുടെ സന്തുലിതമായ ഉപഭോഗം പ്രധാനമാണെന്നും പ്രകൃതി വിഭവങ്ങൾ വിവേകത്തോടെ ഉപയോഗിക്കണമെന്നും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ.**

**Vice President Jagdeep Dhankar said that equitable consumption of natural resources is important and natural resources should be used wisely.**

3) **ആരോഗ്യകരമായ ജീവിതസാഹചര്യം പൗരന്മാരുടെ മൗലികാവകാശമാണെന്നും ഒരു മതവും മലിനീകരണത്തെ പ്രോത്സാഹിപ്പിക്കുന്നില്ലെന്നും സുപ്രീംകോടതി.**

**The Supreme Court said that healthy living conditions are fundamental rights of citizens and no religion encourages pollution.**

4) **ഇന്ത്യയുടെ ഭാവി സുരക്ഷിതമാക്കുന്നതിൽ യുവാക്കൾക്ക് നിർണായക പങ്ക് വഹിക്കാനാകുമെന്ന് കേന്ദ്രമന്ത്രി പിയുഷ് ഗോയൽ.**

**Union Minister Piyush Goyal said that youth can play a crucial role in securing India's future.**

5) **കേരളത്തിൽ, വയനാട് ലോക് സഭാ മണ്ഡലത്തിലും ചേലക്കര നിയമസഭാ മണ്ഡലത്തിലും വോട്ടെടുപ്പ് നാളെ. ഝാർഖണ്ഡിൽ ഒന്നാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പ് നാളെ നടക്കും.**

**In Kerala, Polling will be held tomorrow in Wayanad Lok Sabha constituency and Chelakkara Assembly Constituency. The first phase of assembly elections in Jharkhand will be held tomorrow.**

6) **വനിതാ ഏഷ്യൻ ഹോക്കി ചാമ്പ്യൻഷിപ്പിൽ, ഇന്ത്യ ഇന്ന്, ദക്ഷിണ കൊറിയയെ നേരിടും.**

**In Women's Asian Hockey Championship, India will take on South Korea today.**

==================================

## PREZ-UT VISIT

രാഷ്ട്രപതി ദ്രൗപതി മുർമു മൂന്ന് ദിവസത്തെ ദാദ്ര ആൻഡ് നഗർ ഹവേലി ദാമൻ ദിയു സന്ദർശനത്തിനായി ഇന്ന് ദാമനിലെത്തും. ജാംപൂരിലെ പക്ഷി സങ്കേതം, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ദാമനിലെ NIFT കാമ്പസ് എന്നിവിടങ്ങളിൽ രാഷ്ട്രപതി ഇന്ന് സന്ദർശനം നടത്തും. നാളെ സിൽവാസയിലെ നമോ മെഡിക്കൽ എജ്യുക്കേഷൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ശ്രീമതി മുർമു സന്ദർശിക്കും. സന്ദർശന വേളയിൽ രാഷ്ട്രപതി വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുമായും അധ്യാപകരുമായും സംവദിക്കും. ദിയുവിലെ **ഐഎൻഎസ് ഖുക്രി** നാവിക സേന സ്മാരകവും അവർ സന്ദർശിക്കും.

==================================

## PREZ-CJI DINNER

പുതിയ സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ജസ്റ്റിസ് സഞ്ജീവ് ഖന്നയെ സ്വാഗതം ചെയ്ത് രാഷ്ട്രപതി ദ്രൗപദി മുർമു ഇന്നലെ ന്യൂഡൽഹിയിൽ അത്താഴവിരുന്ന് സംഘടിപ്പിച്ചു. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്,

വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ, മുൻ ചീഫ് ജസ്റ്റിസ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ്, സുപ്രീം കോടതി ജഡ്ജിമാർ, ഹൈക്കോടതി ചീഫ് ജസ്റ്റിസുമാർ തുടങ്ങിയവർ പങ്കെടുത്തു.

====================================

## VICE PRESIDENT UCC

പ്രകൃതി വിഭവങ്ങളുടെ സന്തുലിതമായ ഉപഭോഗം പ്രധാനമാണെന്നും പ്രകൃതി വിഭവങ്ങൾ വിവേകത്തോടെ ഉപയോഗിക്കണമെന്നും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ. ന്യൂഡൽഹിയിൽ രാജ്യസഭാ ഇന്റേൺഷിപ്പ് പ്രോഗ്രാമിന്റെ നാലാമത് ബാച്ചിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. **ഏക് പേട് - മാ കേ നാം'** പദ്ധതി കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള പ്രയത്നമാണെന്നു പറഞ്ഞ അദ്ദേഹം മരങ്ങൾ നട്ടുപിടിപ്പിക്കാനും പരിപാലിക്കാനും അഭ്യർത്ഥിച്ചു. ഏകീകൃത സിവിൽ കോഡ് രാജ്യ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനാണെന്ന് ശ്രീ ധൻകർ പറഞ്ഞു. പൗരന്മാർ മൗലിക കർത്തവ്യങ്ങളിൽ പ്രതിജ്ഞാബദ്ധരാണെങ്കിൽ രാജ്യം വലിയ മുന്നേറ്റം നടത്തുമെന്നും ഉപരാഷ്ട്രപതി അഭിപ്രായപ്പെട്ടു.

====================================

## VP-PUNJAB VISIT

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ പഞ്ചാബ് സന്ദർശനത്തിന്റെ ഭാഗമായി ഇന്ന് ലുധിയാനയിലെ പഞ്ചാബ് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിലെ അന്താരാഷ്ട്ര സമ്മേളനത്തിന്റെ ഉദ്ഘാടന ചടങ്ങിൽ മുഖ്യാതിഥിയാകും: '**കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഊർജ പരിവർത്തനത്തിന്റെയും പശ്ചാത്തലത്തിൽ ഭക്ഷ്യോൽപ്പാദന സമ്പ്രദായങ്ങളിലെ മാറ്റം**' എന്ന വിഷയത്തിലാണ് സമ്മേളനം സംഘടിപ്പിച്ചിരിക്കുന്നത്.

അതിന് ശേഷം സാറ്റ് പോൾ മിത്തൽ ദേശീയ അവാർഡ് ദാന ചടങ്ങിൽ പങ്കെടുക്കുന്ന അദ്ദേഹം സ്കൂൾ വിദ്യാർത്ഥികളുമായും അധ്യാപകരുമായും സംവദിക്കും.

=====================================

## JAISHANKAR, INDIA-RUSSIA - (INTRO)

ഇന്ത്യയും റഷ്യയും തമ്മിലുള്ള വ്യാപാരബന്ധം കൂടുതൽ ശക്തിപ്പെടുത്തണമെന്ന് വിദേശകാര്യ മന്ത്രി എസ്.ജയ്ശങ്കർ. മുംബൈയിൽ ഇന്ത്യ-റഷ്യ ബിസിനസ് ഫോറത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. നിലവിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യാപാരം 66 ബില്യൺ ഡോളറാണെന്നും 2030-ഓടെ ഇത് 100 ബില്യണിൽ എത്തുമെന്ന് ശ്രീ ജയ്ശങ്കർ ആത്മവിശ്വാസം പ്രകടിപ്പിച്ചു.

## (HOLD FOR VOICE...)

വ്യാപാരത്തിന് പുറമെ, ഊർജം, രാസവളം, വിദ്യാഭ്യാസം, സിനിമ തുടങ്ങിയ മേഖലകളിലും സഹകരണം ശക്തിപ്പെടുത്തണമെന്ന് വിദേശകാര്യമന്ത്രി പറഞ്ഞു. റഷ്യയെ പ്രതിനിധീകരിച്ച് ഉപപ്രധാനമന്ത്രി ഡെനിസ് മാന്റുറോവ് പരിപാടിയിൽ പങ്കെടുത്തു.

=====================================

## PM-MAURITIUS

മൗറീഷ്യസ് പൊതു തിരഞ്ഞെടുപ്പിൽ ചരിത്ര വിജയം നേടിയ നവീൻ രാംഗൂലത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. മൂന്നാം തവണയും പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ട ഡോ. രാംഗൂലത്തിന് ആശംസകൾ നേരുന്നതായി സമൂഹ മാധ്യമ പോസ്റ്റിൽ ശ്രീ മോദി പറഞ്ഞു. ഡോ. രാംഗൂലത്തെ ഇന്ത്യ സന്ദർശിക്കാനും പ്രധാനമന്ത്രി ക്ഷണിച്ചു. ഇരുരാജ്യങ്ങളും തമ്മിലുള്ള പങ്കാളിത്തം

ശക്തിപ്പെടുത്തുന്നതിന് ഒരുമിച്ച് പ്രവർത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു.

==================================

## SC - POLLUTION

ഡൽഹിയിൽ പടക്കങ്ങളുടെ നിരോധനം ഫലപ്രദമായി നടപ്പാക്കാൻ പ്രത്യേക സെൽ രൂപീകരിക്കാൻ ഡൽഹി പോലീസ് കമ്മീഷണറോട് സുപ്രീം കോടതി ആവശ്യപ്പെട്ടു. ദീപാവലി സമയത്ത് ഡൽഹിയിൽ പടക്ക നിരോധനം നടപ്പാക്കുന്നതിൽ അധികാരികൾ പരാജയപ്പെട്ടതായും സുപ്രീം കോടതി നിരീക്ഷിച്ചു. ആരോഗ്യകരമായ ജീവിതസാഹചര്യം പൗരന്മാരുടെ മൗലികാവകാശമാണെന്ന് വ്യക്തമാക്കിയ പരമോന്നത കോടതി ഒരു മതവും മലിനീകരണത്തെ പ്രോത്സാഹിപ്പിക്കുന്നില്ലെന്നും പറഞ്ഞു.

==================================

## PIYUSH GOYAL – (INTRO)

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ട്രേഡിന്റെ പുതിയ കാമ്പസ് ദുബായിൽ ഉടൻ തുറക്കുമെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ. ന്യൂഡൽഹിയിൽ IIFTയുടെ 57-ാമത് ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയുടെ ഭാവി സുരക്ഷിതമാക്കുന്നതിൽ യുവാക്കൾക്ക് നിർണായക പങ്ക് വഹിക്കാനാകുമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

**(VOICE.....)**

==================================

## PUBLIC SERVICE BRODCASTING DAY

ഇന്ന് പൊതു സേവന പ്രക്ഷേപണ ദിനം. രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധി ആകാശവാണിയിൽ സന്ദർശനം നടത്തിയതിന്റെ സ്മരണയിലാണ് നവംബർ 12 പൊതു സേവന പ്രക്ഷേപണ ദിനമായി ആചരിക്കുന്നത്. 1947-ൽ ഓൾ ഇന്ത്യ റേഡിയോ നിലയം സന്ദർശിച്ച ഗാന്ധിജി കുരുക്ഷേത്രയിലെ അഭയാർത്ഥി ക്യാമ്പിലുണ്ടായിരുന്നവരെ റേഡിയോയിലൂടെ അഭിസംബോധന ചെയ്തു. 2001- ലാണ് നവംബർ 12 പൊതു സേവന പ്രക്ഷേപണ ദിനമായി ഔദ്യോഗികമായി പ്രഖ്യാപിച്ചത്.

==================================

## MANIPUR-KILLED

മണിപ്പൂരിലെ ജിരിബാം ജില്ലയിൽ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ സായുധ അക്രമികളെന്ന് സംശയിക്കുന്ന പത്ത് പേർ കൊല്ലപ്പെട്ടു. ബോറോബെക്ര സബ്ഡിവിഷനിലെ ഗ്രാമങ്ങളിൽ ഉപേക്ഷിക്കപ്പെട്ട വീടുകളും കടകളും കെട്ടിടങ്ങളും ആയുധധാരികളായ സംഘം കത്തിക്കുകയും സ്ഫോടകവസ്തുക്കൾ പ്രയോഗിക്കുകയും ചെയ്തതിനെ തുടർന്ന് സുരക്ഷാ സേന തിരച്ചിൽ നടത്തുകയായിരുന്നു. സിആർപിഎഫ് ക്യാമ്പിന് നേരെ സംഘം ആക്രമണം നടത്തി. അതിനിടെ, മണിപ്പൂരിന്റെ വിവിധ ഭാഗങ്ങളിൽ റിപ്പോർട്ട് ചെയ്ത വെടിവയ്പുകളിൽ രണ്ട് കർഷകർക്ക് ഉൾപ്പടെ പരിക്കേറ്റു.

==================================

## NIRMALA - AIIB MEETING

കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ഇന്നലെ ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക് പ്രതിനിധി സംഘവുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി.

11 ഉദ്യോഗസ്ഥരാണ് പ്രതിനിധി സംഘത്തിലുണ്ടായിരുന്നത്. രാജ്യത്തിന്റെ ശക്തമായ സൂക്ഷ്മ-സാമ്പത്തിക അടിസ്ഥാന കാര്യങ്ങളും ഡിജിറ്റൽ അടിസ്ഥാനസൗകര്യങ്ങളും ശക്തിപ്പെടുത്തുന്ന നടപടികൾ ചർച്ചയായി. കാലാവസ്ഥാ വ്യതിയാനം, അടിസ്ഥാന സൗകര്യ വികസനം, ഊർജ സുരക്ഷ, നഗരവികസനം തുടങ്ങിയ മുൻഗണനാ മേഖലകളിൽ AIIB നിക്ഷേപം വിശാലമാക്കണമെന്ന് കേന്ദ്രധനമന്ത്രി പറഞ്ഞു.

==================================

## PRADHAN-EDUCATION WORKSHOP

ന്യൂഡൽഹിയിൽ നടക്കുന്ന രണ്ട് ദിവസത്തെ ദേശീയ വിദ്യ ഭ്യാസ ശിൽപശാല കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ ഇന്ന് ഉദ്ഘാടനം ചെയ്യും. ഉന്നത വിദ്യാഭ്യാസ മേഖല, സാങ്കേതിക വിദ്യാഭ്യാസ മേഖല, ദേശീയ വിദ്യാഭ്യാസ നയം ഫലപ്രദവും സുഗമവുമായ നടപ്പിലാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങളിലേയും കേന്ദ്ര ഭരണ പ്രദേശങ്ങളിലേയും ഉന്നത ഉദ്യോഗസ്ഥർ ശില്പശാലയിൽ ചർച്ച നടത്തും.

==================================

## ELECTION KERALA

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന കേരളത്തിലെ വയനാട് ലോക്സഭാ മണ്ഡലത്തിലും ചേലക്കര നിയമസഭാ മണ്ഡലത്തിലും പരസ്യപ്രചാരണം ഇന്നലെ അവസാനിച്ചു. വയനാട്ടിലെ യുഡിഎഫ് സ്ഥാനാർത്ഥി പ്രിയങ്കാ ഗാന്ധി, കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയ്ക്കൊപ്പം തിരുവമ്പാടിയിൽ റോഡ്ഷോയിൽ പങ്കെടുത്തു. എൽഡിഎഫ് സ്ഥാനാർത്ഥി സത്യൻ മൊകേരി കൽപ്പറ്റയിലും എൻ.ഡി.എ സ്ഥാനാർഥി നവ്യ ഹരിദാസ് ബത്തേരിയിലുമാണ് കലാശക്കൊട്ടിൽ

പങ്കെടുത്തത്. ചേലക്കരയിലും സ്ഥാനാർത്ഥികളും, പ്രവർത്തകരും ചേർന്ന് കൊട്ടിക്കലാശം ആവേശഭരിതമാക്കി. ഇരു മണ്ഡലങ്ങളിലും ഇന്ന് നിശബ്ദ പ്രചാരണമായിരിക്കും. നാളെയാണ് വോട്ടെടുപ്പ്. പോളിങ് സാമഗ്രികളുടെ വിതരണം ഇന്ന് നടക്കും. ഈ മാസം 20 ന് വോട്ടെടുപ്പ് നടക്കുന്ന പാലക്കാട് മണ്ഡലത്തിലും പ്രചാരണം ഊർജ്ജിതമായി തുടരുകയാണ്.

====================================

## WAYANAD BYE-ELECTION – (INTRO)

വയനാട് ലോക്സഭാ ഉപതിരഞ്ഞെടുപ്പിൽ മത്സര രംഗത്തുള്ളത് 16 സ്ഥാനാർത്ഥികൾ. വോട്ടിങ്ങിനുള്ള എല്ലാ സജ്ജീകരണങ്ങളും ഒരുങ്ങിക്കഴിഞ്ഞു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്.............**

**(VOICE.....)**

====================================

## REV. JHARKHAND-OVERALL

ഝാർഖണ്ഡിൽ ഒന്നാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണത്തിന് ഇന്നലെ സമാപനമായി. നാളെ സംസ്ഥാനത്തെ 43 മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ്. എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പ്രമുഖ നേതാക്കളും, താരപ്രചാരകരും സമാപന ദിവസം പ്രചാരണ പരിപാടികളിൽ സജീവമായിരുന്നു. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി, ജെഎംഎം നേതാവും, സംസ്ഥാന മുഖ്യമന്ത്രിയുമായ ഹേമന്ദ് സൊരേൻ തുടങ്ങിയ പ്രമുഖർ പ്രചാരണത്തിൽ പങ്കെടുത്തു.

====================================

## MH ELECTION

ഈ മാസം 20-ന് ഒറ്റഘട്ടമായി തിരഞ്ഞെടുപ്പ് നടക്കുന്ന മഹാരാഷ്ട്രയിലും പ്രചാരണം ഊർജ്ജിതമായി തുടരുന്നു. ചിമൂർ, സോലാപൂർ, പൂനെ എന്നിവിടങ്ങളിലെ വിവിധ തിരഞ്ഞെടുപ്പ് റാലികളെ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അഭിസംബോധന ചെയ്യും. കേന്ദ്രമന്ത്രിയും മുതിർന്ന ബി.ജെ.പി നേതാവുമായ നിതിൻ ഗഡ്കരി ഇന്നലെ നാഗ്പൂരിൽ പ്രചാരണ യോഗങ്ങളെ അഭിസംബോധന ചെയ്തു. എൻസിപി (എസ്.പി) നേതാവ് ശരദ് പവാർ ധുലെയിലും, ജൽഗാവിലുമാണ് പ്രചാരണ പരിപാടികളിൽ പങ്കെടുത്തത്. അതേസമയം, വിമത സ്ഥാനാർത്ഥികളായി മത്സരിക്കുന്ന 28 പേരെ മഹാരാഷ്ട്ര കോൺഗ്രസിൽ നിന്നും പുറത്താക്കിയതായി പാർട്ടി നേതൃത്വം അറിയിച്ചു.

=====================================

## WOMEN'S HOCKEY

വനിതാ ഏഷ്യൻ ഹോക്കി ചാമ്പ്യൻഷിപ്പിൽ, ഇന്ത്യ ഇന്ന്, മൂന്ന് തവണ ജേതാക്കളായ ദക്ഷിണ കൊറിയയെ നേരിടും. ബിഹാറിലെ രാജ്ഗിർ ഹോക്കി സ്റ്റേഡിയത്തിലാണ് മത്സരം. ഇന്നലെ നടന്ന ആദ്യ മത്സരത്തിൽ ഇന്ത്യ മലേഷ്യയെ 4-0 ന് പരാജയപ്പെടുത്തി. ഇന്നലെ നടന്ന ഉദ്ഘാടന മത്സരത്തിൽ ജപ്പാനും ദക്ഷിണ കൊറിയയും 2-2ന് സമനിലയിൽ പിരിഞ്ഞിരുന്നു. മറ്റൊരു മത്സരത്തിൽ ചൈന ഏകപക്ഷീയമായ 15 ഗോളുകൾക്ക് തായ്‌ലൻഡിനെ തകർത്തു.

=====================================

## SUSPENDED

അച്ചടക്ക നടപടിയെ തുടർന്ന് കേരളത്തിലെ രണ്ട് ഐ.എ.എസ് ഉദ്യോഗസ്ഥർക്ക് സസ്പെൻഷൻ. വ്യവസായ വകുപ്പ് ഡയറക്ടർ കെ ഗോപാലകൃഷ്ണൻ, കൃഷിവകുപ്പ് സ്പെഷ്യൽ സെക്രട്ടറി എൻ. പ്രശാന്ത് എന്നിവരെയാണ് സർക്കാർ സസ്പെൻഡ് ചെയ്തത്.

==================================

## IMD-WEATHER

തമിഴ്നാട്, പുതുച്ചേരി, കാരയ്ക്കൽ, തീരദേശ ആന്ധ്രാപ്രദേശ്, യാനം, രായലസീമ എന്നിവിടങ്ങളിൽ ഇന്ന് ഇടിമിന്നലോട് കൂടിയ കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഈ പ്രദേശങ്ങളിൽ വെള്ളിയാഴ്ച വരെ മഴ തുടരും. മോശം കാലാവസ്ഥക്ക് സാധ്യതയുള്ളതിനാൽ തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിന്റെ പല ഭാഗങ്ങളിലും പടിഞ്ഞാറൻ മധ്യ ബംഗാൾ ഉൾക്കടലിലും ശ്രീലങ്ക തമിഴ്നാട് തീരങ്ങളിലും മൽസ്യബന്ധനം വിലക്കിയിട്ടുണ്ട്.

=================

=================================

======================================================